**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1899** **01.11.2019-ൽ മറുപടിയ്ക്ക്**

## പശ്ചിമ കൊച്ചിയിലെ ബോട്ടുസർവ്വീസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ജോൺ ഫെർണാണ്ടസ് | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗതത്തെ പ്രധാന യാത്രാമാർഗ്ഗമായി ആശ്രയിക്കുന്ന പശ്ചിമകൊച്ചിയിലെ ജനങ്ങൾക്ക് യാത്രക്ലേശം സൃഷ്ടിക്കാതെ കാര്യക്ഷമമായി ബോട്ട് സർവ്വീസുകൾ നടത്തുന്നതിനെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി 12/6/2019-ന് വിളിച്ചു ചേർത്ത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | 1. എറണാകുളം ജില്ലയിലെ കുമ്പളത്തിന് ബോട്ട് അനുവദിക്കാനും ഇവിടെ ബോട്ടുജെട്ടി നിർമ്മിക്കാനും തീരുമാനിച്ചു.<br><br>2. ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, കസ്റ്റംസ് ജെട്ടി, വൈപ്പിൻ എന്നിവ നവീകരിക്കാൻ തീരുമാനിച്ചു.<br><br>3. ഡ്രഡ്ജിംഗ് ആവശ്യമുള്ള സ്ഥലങ്ങൾ, ബോട്ട് ജെട്ടികൾ ആവശ്യമുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ബന്ധപ്പെട്ട എം.എൽ.എ മാർ, ഉദ്യോഗസ്ഥർ എന്നിവർ സംയുക്ത പരിശോധന നടത്തുകയും മണ്ണ് നിക്ഷേപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും വേണം.<br><br>4. ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, കുമ്പളം, ഫിഷ് ലാന്റിംഗ് സെന്റർ, ആൽബുക്കർക്ക്, കാക്കനാട്, ചിറ്റയം, ഇൻഫോപാർക്ക് എന്നിവിടങ്ങളിൽ ഡ്രഡ്ജിംഗ് നടത്തുക. |
| (ബി) | പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10/07/2019-ൽ ജലഗതാഗത വകുപ്പിലേയും, ഇറിഗേഷൻ വകുപ്പിലേയും ഉദ്യോഗസ്ഥർ എറണാകുളം ജില്ലയിലെ തേവര, കുമ്പളം, മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി, വൈപ്പിൻ, എറണാകുളം മെയിൻ എന്നീ ബോട്ടുജെട്ടികളും, ജലപാതകളും സന്ദർശിക്കുകയും, ടി ബോട്ടുജെട്ടികളിൽ ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും, ജലപാതകളുടെ ആഴം |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്യുകയും തുടർന്ന് ഓരോ ബോട്ടുജെട്ടികളിലും ചെയ്യേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് 18/08/2019 തീയതിയിൽ ഇറിഗേഷൻ വിഭാഗം ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് കത്ത് നല്കുകയും ചെയ്തു. ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് എറണാകുളം മേഖല സീനിയർ സൂപ്രണ്ടിനും, ട്രാഫിക് സൂപ്രണ്ടിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**പശ്ചിമകൊച്ചി മേഖലയിലെ ബോട്ട് യാത്രക്കാരുടെ യാത്രാക്ലേശം പരിഹരിക്കുന്നത് സംബന്ധിച്ച് 12/6/2019-ൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്**

ബഹു. ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം 12.30 ന് ആരംഭിച്ചു യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു

ആമുഖമായി ,ജലഗതാഗത വകുപ്പ് നടത്തുന്ന ബോട്ട് സർവ്വീസുകൾ പലതും റദ്ദാക്കിയതു കാരണം എറണാകുളം ജില്ലയിലെ പടിഞ്ഞാറൻ പ്രദേശങ്ങളായ കൊച്ചി, മട്ടാഞ്ചേരി, വൈപ്പിൻ മേഖലകളിലെ ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശത്തെപ്പറ്റിയും ആയതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പറ്റിയും ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ വിശദീകരിച്ചു. പല സ്ഥലങ്ങളിലും എക്കൽ അടിഞ്ഞിട്ടുള്ളത് ഡ്രെഡ്ജ് ചെയ്യാത്തതും അനുകൂലം ബോട്ടുജെട്ടികളുടെ അഭാവവും കാരണം സർവ്വീസ് നടത്താൻ സാധിക്കുന്നില്ലെന്ന് സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ ചൂണ്ടിക്കാട്ടി. ഡ്രെഡ്ജ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഇറിഗേഷൻ വകുപ്പ് സന്നദ്ധമാണെന്നും എറണാകുളത്തെ പ്രശ്നം, ഡ്രെഡ്ജ് ചെയ്യുന്ന മണ്ണ് നിക്ഷേപിക്കാനുള്ള സ്ഥലത്തിന്റെ ദൗർലഭ്യമാണെന്നും ചീഫ് എഞ്ചിനീയർ ചൂണ്ടിക്കാട്ടി. വൈക്കത്തുനിന്നും എറണാകുളത്തേയ്ക്ക് പോകുന്ന ബോട്ടിന് പൂത്തോട്ട, കമ്പളം എന്നിവിടങ്ങളിൽ സ്റ്റോപ്പ് അനുവദിക്കണമെന്ന് ബഹു. തൃപ്പൂണിത്തുറ എം.എൽ.എ ശ്രീ. എം.സ്വരാജ് ആവശ്യപ്പെട്ടു. എറണാകുളം ഫോർട്ട് കൊച്ചി ട്രിപ്പിൽ മട്ടാഞ്ചേരിയിൽ ബോട്ട് അടുക്കുന്നില്ലെന്നും ഇക്കാര്യം നേരത്തെ ചൂണ്ടിക്കാട്ടിയപ്പോഴെല്ലാം ബോട്ടുകൾ റിപ്പയറിംഗിലാണെന്നും ആവശ്യത്തിന് ബോട്ട് സ്പെയർപാർട്ടുകൾ ഇല്ലെന്നുമാണ് മറുപടി ലഭിച്ചിട്ടുള്ളതെന്നും ബഹു. എം.എൽ.എ ശ്രീ. ജോൺ ഫെർണാണ്ടസ് പറഞ്ഞു. ഫോർട്ട് കൊച്ചി മട്ടാഞ്ചേരി റൂട്ടിൽ കൃത്യമായ ഇടവേളകളിൽ സർവ്വീസ് ആരംഭിക്കുന്നതിന് ഡ്രഡ്ജിംഗ് നടത്താനും ബോട്ട് ജെട്ടി നിർമ്മിക്കാനും മറ്റും ഇറിഗേഷൻ വകുപ്പ് ഒരുക്കമാണെന്നും ഡ്രഡ്ജിംഗ് മണ്ണിടുന്നതിനുള്ള സ്ഥലസൗകര്യം ലഭ്യമാക്കിയാൽ മാത്രം മതിയെന്നും ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയറും, അസിസ്റ്റന്റ് എഞ്ചിനീയറും പറഞ്ഞു. ഇതിനിടെ ബഹു.കൊച്ചി എം.എൽ.എ ശ്രീ. ജെ. മാക്സി, ബോട്ടുകൾ പണിയുന്നതിന്റെ സ്ഥിതിയെപ്പറ്റി ആരായുകയുണ്ടായി. ആവശ്യമായ ഫണ്ടിന്റെ ദൗർലഭ്യംകൊണ്ടാണ് ബോട്ടിന്റെ നിർമ്മാണപ്രവർത്തനങ്ങളിൽ കാലതാമസം വന്നതെന്ന് സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ മറുപടി നല്കി. 2013-ലെ സമയക്രമത്തിനനുസരിച്ച് ബോട്ട് സർവ്വീസ് പുനഃസ്ഥാപിക്കണമെന്ന് ബഹു. എം.എൽ.എ.ശ്രീ. ജോൺ ഫെർണാണ്ടസ് ആവശ്യപ്പെട്ടു.

**പ്രധാന തീരുമാനങ്ങൾ**

1. എറണാകുളം ജില്ലയിലെ കമ്പളത്തിന് ബോട്ട് അനുവദിക്കാനും ഇവിടെ ബോട്ടുജെട്ടി നിർമ്മിക്കാനും തീരുമാനിച്ചു.
2. ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, കസ്റ്റംസ് ജെട്ടി, വൈപ്പിൻ എന്നിവ നവീകരിക്കാൻ തീരുമാനിച്ചു
3. ഡ്രഡ്ജിംഗ് ആവശ്യമുള്ള സ്ഥലങ്ങൾ, ബോട്ട്ജെട്ടികൾ ആവശ്യമുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ബന്ധപ്പെട്ട എം.എൽ.എ മാർ, ഉദ്യോഗസ്ഥർ എന്നിവർ സംയുക്ത പരിശോധന നടത്തുകയും മണ്ണ് നിക്ഷേപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും വേണം.

4. ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, കമ്പളം, ഫിഷ് ലാന്റിംഗ് സെന്റർ, ആൽബ്യക്കർക്ക്, കാക്കനാട്, ചിറ്റയം, ഇൻഫോപാർക്ക് എന്നിവിടങ്ങളിൽ ഡ്രഡ്ജിംഗ് നടത്തുക.

യോഗം 1.15 മണിയ്ക്ക് അവസാനിച്ചു.

List of Participants

| Sl. No | Name | Designation | Signature |
|---|---|---|---|
| 1 | Suresh Kumar .S | CE IN &KP | |
| 2 | Shaji V. Nair | Director, State Water Transport Department | |
| 3 | M. Sujith | Traffic Superintendent | |
| 4 | K.R. Jagadees | Assistant Works Manager | |
| 5 | Ajitha. B | Under Secretary, CSINB | |
| 6 | Seethalekshmi Amma.A | Additional Secretary, Water Resources Department | |
| 7 | Radhakrishnan .K. | Executive Engineer , Irrigation Division, Ernakulam. | |